പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2172 — 01.02.2018 ൽ മറുപടിയ്ക്ക്

അരി വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അരി വില കിലോയ്ക്ക് പത്ത് രൂപയോളം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് അരി വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ് സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി തുടങ്ങിയവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ, അളവിൽ നിയന്ത്രണമില്ലാതെ, വിൽപ്പന നടത്തിവരുന്നു. ഓണക്കാലത്ത് പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് 5165 മെട്രിക് ടൺ ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ